പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4165

12- 11- 2019 ൽ മറുപടിക്ക്

## കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ഇ-ആട്ടോകൾ

| ചോദ്യം<br>ശ്രീ. എം. വിൻസെന്റ് | ഉത്തരം<br>ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്ലാന്റ് നവീകരിക്കുന്നതിനും കമ്പനിയെ നഷ്ടത്തിൽ നിന്ന് കരകയറ്റുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കുമോ; | എ) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ കാലപ്പഴക്കമുള്ള പ്ലാന്റ് നവീകരിക്കുന്നതിനായി സർക്കാരിന് പദ്ധതി സമർപ്പിക്കുകയും സർക്കാർ അനുവദിച്ച നല്കിയ ഏഴ് കോടി രൂപ ഉപയോഗപ്പെടുത്തി പ്ലാന്റ് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. കമ്പോളത്തിൽ സ്വീകാര്യമായ ഉല്പന്നം ഇല്ലാത്തത് കാരണം ഉല്പാദന - വിപണന രംഗം ഏകദേശം നിലച്ച് നഷ്ടത്തിലേക്ക് കുതിച്ചുകൊണ്ടിരുന്ന സ്ഥാപനത്തെ കരകയറ്റുന്നതിനായി ഇലക്ട്രിക് ആട്ടോനിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന് സമർപ്പിക്കുകയും, സർക്കാർ ബഡ്ജറ്റിൽ തുക അനുവദിക്കുകയും ചെയ്തു. അതോടൊപ്പം ഇ-ആട്ടോനിർമ്മാണ നടപടികൾ ആരംഭിക്കുകയും വിപണിയിലിറക്കുന്നതിനാവശ്യമായ എ.ആർ.എ.ഐ-യുടെ സാക്ഷ്യപത്രം നേടുകയും ചെയ്തു. |
| ബി) പ്രസ്തുത കമ്പനി ഇ-ആട്ടോകൾ വിപണിയിൽ ഇറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | ബി) ഉണ്ട്. ഇ- ആട്ടോ നിർമ്മാണത്തിന് വേണ്ടി സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗപ്പെടുത്തി പ്ലാന്റ് ആധുനികവത്ക്കരിക്കുകയും വാഹനം വിപണിയിലിറക്കാൻ ആവശ്യമായ എ.ആർ.എ.ഐയുടെ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തു. വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം. നടത്തുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| സി) | ഇ-ആട്ടോകൾ എന്നത്തേക്ക് വിപണിയിൽ ഇറക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ; | സി) | ഇ- ആട്ടോകൾ 2019 ഡിസംബർ - 2020 ജനുവരി മാസത്തോടെ വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലെത്തിക്കാൻ സാധിക്കും. അതിന് മുന്നോടിയായി സംസ്ഥാനത്തിനകത്തും പുറത്തും സർവ്വീസ് സെന്ററുകളും സെയിൽസ് ഔട്ട് ലെറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |
| ഡി) | ഇതിന്റെ വിപണി വില എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ? | ഡി) | ഇ- ആട്ടോയുടെ ഏകദേശവില ഇപ്പോൾ രണ്ട് ലക്ഷത്തിഎൺപതിനായിരം രൂപയായാണ് നിശ്ചയിച്ചിരിക്കുന്നത് എന്നാൽ, വാഹനം വിപണിയിലിറക്കുന്ന സമയത്തുള്ള അസംസ്കൃത വസ്തുക്കളുടെ വില വ്യതിയാനത്തിനനുസൃതമായി നേരിയ മാറ്റം വരാവുന്നതാണ്. |

സെക്ഷൻ ഓഫീസർ